Class No. : ....................................

Name : ....................................

**FY 1008**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2022

## Part – II

## MALAYALAM

**Maximum : 80 Scores**

Time : 2½ Hours

Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് രണ്ടുത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** **(4×2=8)**

1. സന്ദർശനം എന്ന കവിതയിലെ മൗനം കുടിച്ചിരിക്കുക എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്തൊക്കെ ?
   - പറയാൻ വാക്കുകളുണ്ടായില്ല.
   - സംസാരിച്ചുകൊണ്ടിരുന്നു.
   - വഴക്കുകൂടി.
   - ഒന്നും സംസാരിച്ചില്ല.

Score

2. സ്വാതന്ത്ര്യം എന്ന പദം വന്നപ്പോൾ പെൺകുട്ടി ചുണ്ടുകൾ പൂട്ടി രഹസ്യമായി സ്വന്തം പല്ലുകൾ നാവുകൊണ്ട് തടവി. എങ്ങാനും ഇളകുന്നുണ്ടോ ? – ഈ വരികൾ കൊണ്ടർത്ഥമാക്കുന്നതെന്തൊക്കെ ?

- പെൺകുട്ടിയുടേത് വെപ്പുപല്ലാണ്.
- പെൺകുട്ടി സ്വാതന്ത്ര്യം അനുഭവിക്കുന്നവളാണ്.
- വൃദ്ധയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.
- പെൺകുട്ടിക്ക് സ്വാതന്ത്ര്യമില്ല.

3. ഓരോ വൃക്ഷവും വേരുകളിലൂടെയാണ് ആകാശത്തോളം ഉയർന്നു നിൽക്കുന്നത് – ഈ വാക്യവുമായി പൊരുത്തപ്പെടുന്ന നിരീക്ഷണങ്ങൾ ഏവ ?

- ആഴത്തിൽ വേരുപോയാലേ മരത്തിന് ഉയരത്തിൽ വളരാനാവൂ.
- സ്വന്തം നാടുമായി ബന്ധമുണ്ടെങ്കിലേ മനുഷ്യർക്ക് ഉയരങ്ങളിലെത്താനാവൂ.
- മരത്തിന്റെ വേരുകൾ മണ്ണിൽ നിന്ന് ഉയർന്നു നിൽക്കണം.
- മനുഷ്യർ സ്വന്തം നാടുമായുള്ള ബന്ധം വിഛേദിക്കണം.

Score

4. ജനപ്രിയ സിനിമകളെക്കുറിച്ച് ഒ. കെ. ജോണി പറയുന്ന അഭിപ്രായങ്ങളുമായി യോജിക്കുന്നവ ഏതൊക്കെ ?

- ജനപ്രിയ സിനിമകൾ ഉത്തമ കലാസൃഷ്ടികളാണ്.
- ജനപ്രിയ സിനിമകളെ അവഗണിക്കുകയാണ് വേണ്ടത്.
- ജനപ്രിയ സിനിമകൾക്ക് നിലവാരം കുറവാണ്.
- ജനപ്രിയസിനിമകളെ വിശകലനം ചെയ്യണം.

5. ബൈസിക്കിൾ തീവ്സ് എന്ന സിനിമയ്ക്ക് യോജിക്കാത്ത പ്രസ്താവനകൾ ഏവ ?

- സർറിയലിസ്റ്റ് സിനിമയാണ്.
- നിയോ റിയലിസ്റ്റ് സിനിമയാണ്.
- വെറും കെട്ടുകാഴ്ചയാണ്.
- ജീവിതത്തിന്റെ സത്യസന്ധമായ ചിത്രണമാണ്.

Score

6 മുതൽ 9 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം. (3×2=6)

6. മത്സ്യം എന്ന കവിതയിലെ മത്സ്യത്തിന് വലിപ്പക്കുറവ് എങ്ങനെയൊക്കെയാണ് സഹായകമായിത്തീർന്നത് ?

7. കായലരികത്ത് എന്ന ഗാനത്തെ മാപ്പിളപ്പാട്ടായി അടയാളപ്പെടുത്താൻ സഹായിക്കുന്ന രണ്ട് പദങ്ങൾ കണ്ടെത്തുക.

8. സാധാരണ വയലുകളിൽ നടക്കുന്ന കൃഷി രീതിയിൽ നിന്ന് കൈപ്പാട് നിലത്തെ കൃഷിക്കുള്ള വ്യത്യാസം എന്തെന്നാണ് കൈപ്പാട് എന്ന ഡോക്യുമെന്ററിയിൽ പറയുന്നത് ?

9. കണ്ണുള്ളവർക്ക് കാണാൻ കഴിയാത്തത് കാഴ്ചയില്ലാത്ത ഹസ്സയ്ക്ക് കാണാൻ കഴിയുന്നു – കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തിൽ നിന്ന് ഈ പ്രസ്താവനയ്ക്ക് തെളിവായി ഏതെങ്കിലും ദൃശ്യം കണ്ടെത്തി എഴുതുക.

10 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം. (5×4=20)

10. 'തീറ്റ തേടാൻ, ആവുന്നേടത്തോളം ജീവനോടെയിരിക്കാൻ ഈ ലോകത്തേക്ക് നമ്മെ വിട്ടിരിക്കുന്നു എന്നല്ലാതെ മറ്റൊന്നും അറിയില്ലല്ലോ ജോനാഥാ' – കൊച്ചു കൊച്ചു കാര്യങ്ങളിൽ ഒതുങ്ങി സന്തോഷം കണ്ടെത്തിയാൽ മതി എന്ന സമൂഹത്തിന്റെ നിർബന്ധത്തെ വകവെക്കാത്തവരുടെ പ്രതിനിധിയാണോ ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്ക ? വിശദമാക്കുക.

Score

11. കഴിഞ്ഞുപോയ പ്രണയത്തിന്റെ നല്ല നാളുകളെ സന്ദർശനം എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

12. 'ഓർമയുടെ ഞരമ്പ്' എന്ന കഥയിലെ പെൺകുട്ടിക്ക് വൃദ്ധയോട് ആദ്യമുണ്ടായിരുന്ന മനോഭാവത്തിൽ പിന്നീട് എന്ത് മാറ്റമാണ് വരുന്നത് ?

13. മരങ്ങളുടെ വേരുകൾ നഷ്ടപ്പെട്ടാൽ മനുഷ്യന്റെ വേരും നഷ്ടപ്പെടും എന്ന എൻ. എ. നസീറിന്റെ വാക്കുകൾ എന്തൊക്കെ ചിന്തകളാണ് നിങ്ങളിൽ ഉണർത്തുന്നത് ? വിശദമാക്കുക.

14. സിനിമയിൽ ഗാനം അത്യാവശ്യമാണോ ? നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

15. ജനപ്രിയ സിനിമകൾ ആളുകൾക്ക് ഇഷ്ടമാവുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ വിലയിരുത്തുന്നത് ? സിനിമയും സമൂഹവും എന്ന പാഠഭാഗത്തെ ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തി വ്യക്തമാക്കുക.

16. ബൈസിക്കിൾ തീവ്സ് എന്ന സിനിമയിൽ സൈക്കിളിനുള്ള പ്രാധാന്യം വ്യക്തമാക്കുക.

**17 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(4×6=24)**

17. വേരുകൾ നഷ്ടപ്പെടുത്തുന്നവർ എന്ന പാഠഭാഗം എങ്ങനെയെല്ലാമാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നത് ?

Score

18. ആരുടെയും സഹായമില്ലാതെ ഒറ്റയ്ക്ക് പോരാടുന്ന ഒരു മനുഷ്യന്റെ പ്രതീകമായി മത്സ്യം എന്ന കവിതയിലെ മത്സ്യത്തെ വിലയിരുത്താൻ കഴിയുമോ ? വിശദമാക്കുക.

19. കായലരികത്ത് എന്ന ഗാനം മലയാള സിനിമാഗാനചരിത്രത്തിൽ ഇടം നേടിയത് എന്തെല്ലാം സവിശേഷതകൾ കൊണ്ടാണ് ?

20. സ്വപ്നലോകത്തെയാണ് നമ്മുടെ ജനപ്രിയ സിനിമകൾ ആവിഷ്കരിക്കുന്നത്. യഥാർത്ഥ ജീവിതവുമായി അതിന് വലിയ ബന്ധമൊന്നുമില്ല – ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?

21. ഒരു ആവാസവ്യവസ്ഥ എന്ന നിലയ്ക്ക് കൈപ്പാട് നിലത്തിനുള്ള പ്രാധാന്യം എങ്ങനെയാണ് കൈപ്പാട് എന്ന ഡോക്യുമെന്ററിയിൽ ചിത്രീകരിച്ചിട്ടുള്ളത് ?

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. സ്കോർ 2 വീതം.** **(3×2=6)**

മൂന്നു കാഴ്ചകൾ സിദ്ധാർത്ഥനെ ബുദ്ധനാക്കി. ഓരോ ദിവസത്തെയും പതിനെട്ടു കിലോമീറ്റർ തരുന്ന എണ്ണമറ്റ കാഴ്ചകൾ ഗാന്ധിയെ തുടർച്ചയായി കൂടുതൽ ഗാന്ധിയാക്കി. ഗാന്ധി വലിയ വായനക്കാരനല്ലായിരുന്നു. തലയ്ക്കുള്ളിൽ പുസ്തകാലയം ഇല്ലായിരുന്നു. നടത്ത നേരത്ത് ആ മോശം വായനക്കാരന് നല്ലവണ്ണം ജീവിതം വായിക്കാൻ കഴിഞ്ഞു. അതിന്റെ ഉൻമേഷവും ഉൾക്കണ്ഠയുമാണ് ഗാന്ധിജിയുടെ രാഷ്ട്രീയം. നടക്കവേ വഴിയിലും വഴിയോരത്തും കാണുന്ന ജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ ഗാന്ധിജിയെ ഉണർത്തിക്കൊണ്ടിരുന്നു. നടന്ന് ശരീരഭാരം കുറച്ചുകൊണ്ടിരുന്ന ആ ആൾ ചിന്താഭാരം കൂട്ടിക്കൊണ്ടിരുന്നു. ഗാന്ധിയുടെ കാൽവേഗത്തിൽ ഏകാന്തതയുമുണ്ട്. തന്റെ വിചാര വേഗത്തിനൊപ്പം ആളില്ലല്ലോ എന്ന സങ്കടമുണ്ട്.

(നടക്കുമ്പോൾ – ഇ. പി. രാജഗോപാലൻ)

Score

22. ഗാന്ധിയെ തുടർച്ചയായി കൂടുതൽ ഗാന്ധിയാക്കിയതെന്ത് ?

23. എപ്പോഴാണ് ഗാന്ധിജിക്ക് നല്ലവണ്ണം ജീവിതം വായിക്കാൻ കഴിഞ്ഞത് ?

24. എന്തായിരുന്നു ഗാന്ധിജിയുടെ സങ്കടം ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** **(2×8=16)**

25. സ്വന്തം ജീവിതത്തിന്റെ തന്നെ ആവിഷ്കാരമാണോ വൃദ്ധയെഴുതിയ കഥകൾ ? ഓർമയുടെ ഞരമ്പ് എന്ന കഥയെ മുൻനിർത്തി വിശദമാക്കുക.

26. പ്രണയത്തിന്റെ ഭൂതകാലവും വർത്തമാനകാലവും ഹൃദയസ്പർശിയാം വിധം ആവിഷ്കരിക്കാൻ സന്ദർശനം എന്ന കവിതയ്ക്ക് കഴിയുന്നുണ്ടോ ? വിശദമാക്കുക.

27. ബൈസിക്കിൾ തീവ്സ് എന്ന സിനിമയിൽ യഥാർത്ഥത്തിൽ നായകസ്ഥാനത്ത് നിൽക്കുന്നത് അന്റോണിയോ റിച്ചിയല്ല മകൻ ബ്രൂണോയാണ്. അച്ഛനേക്കാൾ പക്വതയും ഉത്തരവാദിത്ത ബോധവുമുണ്ടവന് – ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? സിനിമ വിശകലനം ചെയ്ത് വിശദമാക്കുക.